പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 400 11.06.2013 -ൽ മറുപടിക്ക്

കെ.എസ്.ആർ.ടി.സി. യുടെ നഷ്ടം കുറയ്ക്കാനുള്ള മാർഗ്ഗങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി<br>" സി. മോയിൻകുട്ടി<br>" പി. കെ. ബഷീർ<br>" റ്റി. എ. അഹമ്മദ് കബീർ | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി. യുടെ ഉന്നത ഭരണ തലത്തിൽ പ്രൊഫഷണലിസവും, സാങ്കേതിക വൈദഗ്ദ്ധ്യവും ഉറപ്പുവരുത്തുന്നതിനായി നടപടികൾ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ) | ഉണ്ട്. കെ.എസ്.ആർ.ടി.സി. യുടെ മിഡിൽ മാനേജ്മെന്റ് തലത്തിലുള്ള തസ്തികകളിലേയ്ക്ക് സാങ്കേതിക പരിജ്ഞാനവും, ഉന്നത വിദ്യാഭ്യാസ യോഗ്യതയും ഉള്ളവരെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ വഴി നേരിട്ട് നിയമനം നടത്തുന്നതിനുള്ള തീരുമാനം എടുത്തിട്ടുണ്ട്. നിയമനത്തിനുള്ള തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | പ്രൊമോഷൻ മുഖേന ഉന്നത തസ്തികകളിലെത്തുന്നവർക്ക് നിശ്ചയിച്ചിട്ടുള്ള സാങ്കേതികവും അക്കാദമികവുമായ യോഗ്യതകൾ കാര്യക്ഷമതയ്ക്ക് അനുയോജ്യമല്ലാത്തതിനാൽ അതു പുതുക്കി നിശ്ചയിക്കാൻ നടപടി സ്വീകരിക്കുമോ; | (ബി) | എക്സിക്യൂട്ടീവ് ഡയറക്ടർ തസ്തികകളിലേക്ക് യോഗ്യത നിശ്ചയിച്ചുകൊണ്ട് ഡയറക്ടർ ബോർഡ് തീരുമാനമെടുത്ത് സർക്കാർ അനുമതിയ്ക്കായി സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത നിർദ്ദേശങ്ങൾ സർക്കാർ പരിശോധിച്ചു വരുന്നു. കൂടാതെ, 01-1-2014 മുതൽ പ്രൊമോഷന് MOP-യും കെ.എസ്.ആർ.ടി.സി. മാന്വലും സംബന്ധിച്ചുള്ള പരീക്ഷ പാസാകണമെന്ന് 2011-ലെ ഉഭയ കക്ഷി കരാറിൽ നിഷ്കർഷിച്ചിട്ടുണ്ട്. ഇത് നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| (സി) | ജോലി ചെയ്യാതിരിക്കുന്നവരുടെ എണ്ണം നിയന്ത്രിച്ചും, ഡ്രൈവർ, കണ്ടക്ടർ, മെക്കാനിക്കൽ വിഭാഗം എന്നിവയിലെ ജോലി ചെയ്യുന്ന വർക്ക് പ്രോൽസാഹനം നൽകിയും, സ്പെയർ പാർട്സ് ഇടപാട് സുതാര്യമാക്കിയും, യോഗ്യരായ പ്രൊഫഷണൽ മാനേജ്മെന്റ് ടീമിന്റെ സേവനം ഉപയോഗപ്പെടുത്തിയും കോർപ്പറേഷന്റെ നഷ്ടം കുറച്ചുകൊണ്ടു വരുന്ന കാര്യം പരിശോധിക്കുമോ? | (സി) | ഇക്കാര്യത്തിൽ ഇപ്പോൾ തന്നെ ശ്രമങ്ങൾ നടക്കുന്നു വരുന്നു. |

സെക്ഷൻ ഓഫീസർ